(സി) നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നെങ്കിൽ അത്തരത്തിൽ എം.എൽ.എ. മാരെ ഉൾപ്പെടുത്തി എല്ലാ കമ്മിറ്റികളും പുനഃസംഘടിപ്പിച്ച എത്ര എല്ലാ ഓഫീസ്സുകളുണ്ട്;

(ഡി) അവ ഏതെല്ലാം;

(ഈ) വളരെയധികം വികസന പ്രവർത്തനങ്ങളും ചെയ്തുതീർക്കേണ്ടുന്ന എല്ലാ ഓഫീസുകളിൽ എല്ലാ കമ്മറ്റി പുനഃസംഘടിപ്പിക്കേണ്ടുന്ന ചുരുങ്ങിയ കാലാവധി നിശ്ചയിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഏഴു വർഷമായി.
(ബി) നൽകിയിരുന്നു.
(സി, ഡി) വിവരം ശേഖരിച്ചുവരുന്നു.
(ഈ) ഇല്ല.

ഫാമിംഗ് കോർപ്പറേഷൻ

576 [834] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്ര കൃഷി ഫാമുകളുണ്ടെന്ന് വ്യക്തമാക്കാമോ; അവ ഏതെല്ലാം;

(ബി) വമ്പിച്ച തുക നഷ്ടം വരുത്തുന്ന കൃഷി ഫാമുകളെ കൂട്ടിച്ചേർത്ത് ഒരു ഫാമിങ്ങ് കോർപ്പറേഷൻ രൂപീകരിച്ച് ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ വേണ്ടുന്ന നടപടികളും സ്വീകരിക്കുമോ;

(സി) കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി കൃഷി വകുപ്പിലെ ഏതെങ്കിലും കൃഷിഫാമുകളും ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം കൃഷിഫാമുകളാണ് ഏറ്റെടുക്കുവാൻ തീരുമാനിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആകെ അറുപതു കൃഷി ഫാമുകളും നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്. അവ

1. ഡിസ്ട്രിക്റ്റ് അഗ്രിക്കൾച്ചറൽ ഫാം പെരിങ്ങമല
2. ,, അഞ്ചൽ
3. ,, കോഴ
4. ,, മാവേലിക്കര
5. ,, നേര്യമംഗലം
6. ,, മണ്ണുത്തി
7. ,, ചുങ്കത്തറ
8. ,, കൂത്താളി
9. ,, തളിപ്പറമ്പ്
10. കോക്കനട്ട് ഫാം, നീലേശ്വരം
11. കോക്കനട്ട് ഫാം, കൈതറിമല

LIBRARY ARCHIVES Kerala Legislative Assembly

12. ഹോർട്ടിക്കൾച്ചറൽ ഫാം, മലമ്പുഴ
13. ഓറഞ്ച് ആൻറ് വെജിറ്റബിൾ ഫാം, നെല്ലിയാമ്പതി
14. ഇൻറൻസീവ് സീഡ് ഡെവലപ്പ്മെൻറ് ഫാം, എരുത്താംപതി
15. സ്റ്റേറ്റ് വെജിറ്റബിൾ ഫാം, വണ്ടിപ്പെരിയാർ
16. ബനാനാ ഡവലപ്പ്മെൻറ് ഫാം, പെരിങ്ങമ്മല
17. ഓയിൽ പാം സ്റ്റേഷൻ, തൊടുപുഴ
18. കായംകുളം കായൽ റിക്ലമേഷൻ സ്കീം
19. സെൻട്രൽ ഓർച്ചാഡ്, പട്ടാമ്പി
20. കോക്കനട്ട് നേഴ്സറി, വലിയതുറ
21. കോക്കനട്ട് നേഴ്സറി, കഴക്കൂട്ടം
22. ,, ചിറയിൻകീഴ്
23. ,, കടയ്ക്കൽ
24. ,, കരുനാഗപ്പള്ളി
25. ,, ഇരിങ്ങാലക്കുട
26. ,, വടക്കാഞ്ചേരി
27. ,, പഴയന്നൂർ
28. ,, പരപ്പനങ്ങാടി
29. ,, തിക്കോടി
30. ,, പാലയാട്
31. സ്റ്റേറ്റ് ഫാം, ഉള്ളൂർ
32. ,, ചിറയിൻകീഴ്
33. ,, കടയ്ക്കൽ
34. ,, കരുനാഗപ്പള്ളി
35. ,, അടൂർ
36. ,, കൊട്ടാരക്കര
37. ,, അറുന്നൂറ്റിമംഗലം
38. ,, പുല്ലാട്
39. ,, വിയ്യപുരം
40. ,, വാലാച്ചിറ
41. ,, കുമരകം
42. ,, കോഴ
43. ,, പെരിമണ്ണൂർ
44. ,, കോട്ടശ്ശേരി
45. ,, നടവരമ്പ
46. ,, ഇടത്തുരുത്തി
47. ,, പാണാഞ്ചേരി
48. ,, പഴയന്നൂർ
49. ,, കുന്നത്തൂർ
50. ,, കൊങ്ങാട്
51. ,, ആനങ്ങനാട്
52. ,, മുതലമട
53. ,, ആനക്കയം
54. ,, ചോക്കാട്
55. ,, പേരാമ്പ്ര
56. ,, പുതുപ്പാടി

LIBRARY ARCHIVES Kerala Legislative Assembly

57. സ്റ്റോറേജ് ഫാം, കൺകോഡ്
58. ,, വേങ്ങാട്
59. ,, പുല്ലൂർ
60. ,, കാസർകോഡ്
എന്നിവയാണ്.

(ബി) തല്ക്കാലം ഇങ്ങനെ ഒരു ഫാമിംഗ് കോർപ്പറേഷൻ രൂപീകരിക്കുവാൻ പരിപാടിയില്ല.

(സി) ഉണ്ട്.

(ഡി) കുമരകത്തുള്ള സ്റ്റോറേജ് സീഡ് ഫാം.

മരച്ചീനിയുടെ താങ്ങുവില

577 [835] ശ്രീ. എൻ. ഭാസ്കരൻ നായർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) താങ്ങുവില പ്രഖ്യാപിച്ചതിനുശേഷം എത്ര ടൺ മരച്ചീനി ഗവൺമെന്റിൽനിന്നും ഇതിനുവിധേയമായി വിലയ്ക്കു വാങ്ങിച്ചിട്ടുണ്ട്;

(ബി) ഈ ഇനത്തിൽ എത്ര രൂപ ഗവൺമെന്റിന് നഷ്ടമുണ്ടായിട്ടുണ്ട്?

ഉത്തരം

(എ) ഇതുവരെയും വാങ്ങുവാൻ തുടങ്ങിയിട്ടില്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

കെ.എൽ.ഡി. എം. എം. ബോർഡ്

578 [836] ശ്രീ. എസ്. തങ്കപ്പൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എൽ.ഡി.എം.എം. ബോർഡിന്റെ ഉല്പന്നങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ ബോർഡിന് 1977, 1978 ഈ വർഷങ്ങളിൽ ഉണ്ടായ ലാഭ നഷ്ടങ്ങൾ എത്ര;

(സി) ഈ ബോർഡിലുള്ള ജീവനക്കാർ മൊത്തം എത്ര; അതിൽ ഗസറ്റഡ്, നോൺ ഗസറ്റഡ് ജീവനക്കാർ എത്ര വീതം;

(ഡി) ഇവരെ നിയമിച്ചത് ഏത് മാനദണ്ഡത്തിലാണ്?

ഉത്തരം

(എ) പാലും, പാലിൽ നിന്നുണ്ടാക്കുന്ന വെണ്ണ, നെയ്യ്, ഐസ്ക്രീം, ശുദ്ധിവരുത്തിയ കൊക്കോ, സ്വാദുള്ള പാല്, തൈര്, പാർകോവ എന്നീ ഉല്പന്നങ്ങൾ കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, പശുക്കളിൽ ബീജധാനത്തിനുള്ള മേൽത്തരം ബീജം (ഗാഢ ശീതീകരണം ചെയ്തതും ചെയ്യാത്തതും) മേൽത്തരം കാലിത്തീറ്റപ്പുല്ലിന്റെ വിത്ത് ഇവയാണ് കെ.എൽ.ഡി.എം.എം. ബോർഡ് ഉൽപ്പാദിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly